**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1624** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ മെല്ലപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** "ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ " പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലവും കെട്ടിടവും നിയമപരമായി കൈമാറി ലഭ്യമാകാനുണ്ടായ കാലതാമസം മൂലം പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർനടപടികൾ സംബന്ധിച്ച കാര്യം പരിശോധിച്ച് വരുന്നു.

**(ബി)** മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

**<u>മറുപടി:</u>** മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ 27/03/2024 - ന് പൂർത്തീകരിച്ചിട്ടുണ്ട്.

**(സി)** പദ്ധതിയുടെ ഭാഗമായി നാളിതുവരെ വന്നിട്ടുള്ള ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾക്കായി ആകെ 49,94,526/- രൂപ പുരാവസ്തു വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

**(ഡി)** മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി കേരള മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ഇ)** ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രവൃത്തി ആരംഭിക്കാത്ത സ്ഥിതിയ്ക്ക് പൂർത്തീകരിക്കുന്ന കാലയളവ് ഇപ്പോൾ നിശ്ചയിക്കുവാൻ കഴിയില്ല.

**സെക്ഷൻ ഓഫീസർ**